(ബി) ചീഫ് പ്രൊമോട്ടർ ആരായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) മൂലധനം എങ്ങനെ സ്വരൂപിക്കണമെന്നാണ് ആലോചിക്കുന്നത് ;

(ഡി) സംഘത്തിൽ സർക്കാർ എത്ര കോടിയുടെ ഷെയർ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ഇ) ഫാക്ട് ഏറ്റെടുക്കുന്നതിനായി എന്തു തുക വേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്നു ;

(എഫ്) സംഘം പ്രവർത്തന ഫണ്ട് സ്വരൂപിക്കാനുദ്ദേശിക്കുന്നത് എങ്ങനെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-എഫ്) ഫാക്ട്(എഫ്.എ.സി.ടി.) പൊതുമേഖലയിൽ നിന്നും സ്വകാര്യ മേഖലയിലേക്ക് കൈമാറുന്നതിനുള്ള നീക്കങ്ങൾക്കെതിരെ സേവ് ഫാക്ട് ആക്ഷൻ കൗൺസിൽ സർക്കാർ തലത്തിൽ ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിൽ ഫാക്ട് സഹകരണ മേഖലയ്ക്ക് കൈമാറുന്നതിന്റെ സാദ്ധ്യത ആരാഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് സഹകരണ മേഖലയിലെ പ്രമുഖ രാസവള വ്യവസായ സ്ഥാപനമായ 'ഇഫ്കോ'-യുമായി സർക്കാർ തലത്തിൽ ചർച്ച നടന്നു കൊണ്ടിരിക്കുന്നു.

പ്രവാസി കേരളീയരുടെ നിക്ഷേപങ്ങൾ

86 (1285) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കേരളീയരുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ വേണ്ടി ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ, മറ്റ് സഹകരണ ബാങ്കുകൾ എന്നിവ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ബി) പ്രവാസി കേരളീയർ തിങ്ങി താമസിക്കുന്ന സ്ഥലങ്ങളിൽ ജില്ലാ സഹകരണബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും ശാഖകൾ തുടങ്ങിയിട്ടുണ്ടോ ;

(സി) സംസ്ഥാന സഹകരണ ബാങ്കുകൾ ജില്ലാസഹകരണ ബാങ്കുകൾ എന്നിവയിൽ പ്രവാസി കേരളീയരുടെ നിക്ഷേപതുക എത്രയെന്ന് വെളിപ്പെടുത്തുമോ ; ഇത് ആകെയുള്ള പ്രവാസി കേരളീയരുടെ നിക്ഷേപത്തിന്റെ എത്ര ശതമാനമാണ് ?

ഉത്തരം

(എ) പ്രവാസി കേരളീയരുടെ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി കേരളത്തിലെ സഹകരണ ബാങ്കുകൾ നടപടി സ്വീകരിച്ചതിനെത്തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സഹകരണ ബാങ്ക്, പതിനാല് അർബൻ സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ഭാരതീയ റിസർവ് ബാങ്കിന്റെ വിദേശനാണയ വിനിമയ വകുപ്പ് ലൈസൻസ് നൽകിയിട്ടുണ്ട്. ഈ ബാങ്കുകൾ എൻ.ആർ.(ഇ.)എൻ.ആർ.(ഒ.) എന്നീ അക്കൗണ്ടുകളിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നുണ്ട്. ചില ജില്ലാബാങ്കുകളും ഇത്തരത്തിലുള്ള നിക്ഷേപം തുടങ്ങുന്നതിനുള്ള ലൈസൻസിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രവാസി കേരളീയർ കൂടുതൽ താമസിക്കുന്ന സ്ഥലങ്ങളിൽ തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ശാഖകൾ തുടങ്ങിയിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണബാങ്കിൽ 31-5-2003 വരെയുള്ള കാലയളവിൽ 141.33 ലക്ഷം രൂപയുടെ നിക്ഷേപം ഉണ്ട്. എന്നാൽ ജില്ലാസഹകരണ ബാങ്കുകളിൽ പ്രവാസി നിക്ഷേപം ഇല്ല. സംസ്ഥാന സഹകരണ ബാങ്കിലെ ഇങ്ങനെയുള്ള നിക്ഷേപം ആകെയുള്ള പ്രവാസി കേരളീയരുടെ നിക്ഷേപത്തിന്റെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടില്ല.

സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

87 (1286) ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ പി.എ.സി.എസ്., മാർക്കറ്റിംഗ് സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ, മറ്റ് സംഘങ്ങൾ എന്നിവ എത്ര വീതമെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ ;

(സി) പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങളോ പുതിയ മാർഗ്ഗനിർദ്ദേശങ്ങളോ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 580 എണ്ണം.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly